(ഡി) 101 പുതിയ തസ്തികകൾ സൃഷ്ടിച്ചു.

(ഇ) എൻക്വയറി വിഭാഗം കേന്ദ്രഓഫീസിലും മേഖലാ ഓഫീസുകളിലും എൻക്വയറി ഓഫീസറുടെ നേതൃത്വത്തിൽ കമ്പ്യൂട്ടർ ഉൾപ്പെടെയുള്ള ആധുനിക വിവര സാങ്കേതികവിദ്യ ഉപയോഗിച്ച് ഉദ്യോഗാർത്ഥികൾക്ക് പരമാവധി പ്രയോജനപ്പെടത്തക്ക രീതിയിൽ മെച്ചപ്പെടുത്തിയിട്ടുണ്ട്.

(എഫ്) രജിസ്റ്റർ ചെയ്ത ആദ്യ പതിനായിരം ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. സംബന്ധമായ സംശയങ്ങൾക്കും അറിയിപ്പുകൾക്കുമായി മൊബൈൽ അലർട്ട് നൽകുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

ഔഷധ വനം പദ്ധതി

10 (*610) ശ്രീ. എം. കെ. പുരുഷോത്തമൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. ടി. പി. കുഞ്ഞുണ്ണി :
ശ്രീ. എം. ജെ. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പ് ആവിഷ്ക്കരിച്ചിട്ടുള്ള 'ഔഷധവനം' പദ്ധതിയുടെ വിശദാംശം നൽകുമോ ;

(ബി) എത്ര ഏക്കർ സ്ഥലത്ത് വനം വകുപ്പ് ഔഷധകൃഷി നടത്തുന്നുണ്ട് ;

(സി) വനപ്രദേശങ്ങളിലെ അപൂർവ്വ സസ്യങ്ങളെക്കുറിച്ച് സർവ്വേ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) വനമേഖലകളിലെ നാശോൻമുഖമായിക്കൊണ്ടിരിക്കുന്ന അമൂല്യ ഔഷധ സസ്യങ്ങളെ സംരക്ഷിക്കുന്നതിന് പദ്ധതി ആവിഷ്ക്കരിക്കുമോ ?

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം) :

(എ) 'ഔഷധ വനം' എന്ന പേരിൽ വനം വകുപ്പ് പദ്ധതിയൊന്നും നടപ്പിലാക്കുന്നില്ല. കേന്ദ്ര സർക്കാരിന്റെ കീഴിലെ നാഷണൽ മെഡിസിനൽ പ്ലാന്റ് ബോർഡിന്റെ സഹായത്തോടെ 2008 മുതൽ താഴെ പറയുന്ന രണ്ടു പദ്ധതികൾ നടപ്പിലാക്കിവരുന്നു :

1. ഔഷധഗുണമുള്ള വൃക്ഷങ്ങൾ തേക്കുതോട്ടങ്ങളിൽ അടിവിളയായി വച്ചുപിടിപ്പിക്കുന്നതിനുള്ള പദ്ധതി.

2. കേരളത്തിലെ ഔഷധഗുണമുള്ള പ്രധാന വൃക്ഷയിനങ്ങൾ നട്ടുവളർത്തുന്നതിനുള്ള പദ്ധതി

കൂടാതെ സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷന്റെ ധനസഹായത്തോടെ ഔഷധ വൃക്ഷങ്ങൾ കൃഷി ചെയ്യാനുള്ള ഒരു പദ്ധതിയും നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഇതുകൂടാതെ ദേശീയ ആസൂത്രണ കമ്മീഷന്റെ ഫണ്ടുപയോഗിച്ച് സംസ്ഥാന ആസൂത്രണ കമ്മീഷന്റെ മാർഗ നിർദ്ദേശങ്ങളനുസരിച്ച് 2003-04 വർഷം മുതൽ 2008-09 വരെ സഞ്ജീവനിവനം എന്ന പേരിൽ ഒരു പദ്ധതി സംസ്ഥാനത്ത് ഔഷധ സസ്യങ്ങൾ വച്ചുപിടിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും, കാര്യക്ഷമമായ അവബോധവും പരിശീലനവും കർഷകർക്കും പൊതുജനങ്ങൾക്കും നൽകുന്നതിനുമായി വനം വകുപ്പിലെ സോഷ്യൽ ഫോറസ്ട്രി വിഭാഗം നടപ്പിലാക്കിയിട്ടുണ്ട്.

(ബി) തേക്കുതോട്ടങ്ങളിൽ അടിവിളയായി വച്ചുപിടിപ്പിക്കുന്നതിനുള്ള പദ്ധതിയിൽ 160 ഹെക്ടർ സ്ഥലത്ത് വനം വകുപ്പ് ഔഷധതോട്ടം നിർമ്മിക്കുന്നുണ്ട്. കേരളത്തിലെ പ്രധാന ഔഷധ വൃക്ഷങ്ങൾ പ്രധാന വിളയായി നട്ടുപിടിപ്പിക്കുന്ന പദ്ധതിയിൽ 111 ഹെ. സ്ഥലത്ത് ഔഷധതോട്ടങ്ങൾ നിർമ്മിക്കുന്നു. ഇതുകൂടാതെ സഞ്ജീവനിവനം പദ്ധതി പ്രകാരം 29.17 ഏക്കർ സ്ഥലത്ത് ഔഷധ തോട്ടങ്ങൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്. ഇതിനായി 34.49 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

(സി) സർവ്വേ നടത്തുന്നുണ്ട്.

(ഡി) മേൽപ്പറഞ്ഞ പദ്ധതികൾ കൂടാതെ ഔഷധ സസ്യങ്ങളെ തിരിച്ചറിയാനും അവയുടെ ഔഷധമൂല്യം മനസ്സിലാക്കുന്നതിനുമായി ഡെമോൺസ്ട്രേഷൻ പ്ലോട്ടുകൾ സ്ഥാപിച്ചിട്ടുണ്ട്. വനമേഖലകളിലെ നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന അമൂല്യ ഔഷധ സസ്യങ്ങളെ സംരക്ഷിക്കുന്നതിനും പൊതുജനങ്ങൾക്കായി ഔഷധ സസ്യങ്ങളുടെ തൈവിതരണം, പദ്ധതി വിഹിതം ഉപയോഗിച്ച് തടിയേതരവന വിഭവങ്ങളുടെ നടീലും പരിപാലനവും, ബാംഗ്ലൂരിലെ Federation of Revitalization of Local Health Traditions (FRLHT) എന്ന സംഘടനയുമായി യോജിച്ചിട്ടുള്ള പദ്ധതികൾ, പങ്കാളിത്ത വന പരിപാലനപരിപാടിയുടെ ഭാഗമായി മെഡിസിനൽ പ്ലാന്റ് കൺസർവേഷൻ ഏരിയ എന്നീ പദ്ധതികളും നടപ്പിലാക്കുന്നുണ്ട്.

ആഗോളതാപനം മൂലമുള്ള പ്രശ്നങ്ങൾ

11 (*611) ശ്രീ. സി. കെ. പി. പത്മനാഭൻ :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഗോളതാപനം മൂലമുള്ള പ്രശ്നങ്ങൾ നേരിടുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ;

(ബി) കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് എന്തെങ്കിലും ഗവേഷണ പ്രവർത്തനങ്ങൾ നടക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly